507

CHIAK
TRIVANDRUM
20 OCT 2017
Ex: Director 001197
CHK \ CHP

# കേരള സർക്കാർ

## സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി- 25/11/2010ലെ സ.ഉ. (കൈ) നം. 142/2010/തൊഴിൽ നമ്പർ ഉത്തരവ്-ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

**സ.ഉ.(കൈ) നം./90/2017/തൊഴിൽ** തീയതി,തിരുവനന്തപുരം. 17/10/2017

---

പരാമർശം:- 1) 25/11/2010-ലെസ.ഉ. (കൈ) നം. 142/2010/തൊഴിൽ

2) 23/08/2017-ലെ ചിയാക്കിന്റെ ഹൈ പവേഡ് സൂപ്പർവൈസറി കൗൺസിൽ യോഗതീരുമാനം

3) ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26/08/2017-ലെ 1653(2)/സി.എച്ച്.2 /2017/ചിയാക്/എച്ച്.പി.എസ്.സി. നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ( 1) പ്രകാരം സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം ചിയാക്കിന്റെ എച്ച്.പി.എസ്.സി. യോഗം. ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാത്ത പൂട്ടിക്കിടക്കുന്ന 434 കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളെയും 1000/- രൂപയോ അതിൽ താഴെയോ ഇ.പി.എഫ്. പെൻഷൻ വാങ്ങുന്നവരെയും ചിസ് കാറ്റഗറിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു. ഇത് കൂടാതെ 600/- രൂപയോ അതിൽ താഴെയോ എന്ന വിഭാഗത്തിൽ പരാമർശം (1)പ്രകാരം ഉൾപ്പെടുത്തിയിരുന്നവരെ റേഷൻ കാർഡുള്ള അന്ത്യോദയ അന്നയോജന (AAY), മുൻഗണനാ വിഭാഗം കുടുംബങ്ങൾ (PHH) എന്ന വിഭാഗം എന്നാക്കുവാനും തീരുമാനിച്ചു. പദ്ധതിയിൽ നേരത്തെ എൻറോൾ ചെയ്യപ്പെട്ട 600/- രൂപവരെയുള്ള വിഭാഗങ്ങൾക്ക് അവരുടെ പോളിസി എല്ലാ വർഷവും പുതുക്കി പദ്ധതിയിൽ തുടരാവുന്നതാണെന്നും യോഗം തീരുമാനിക്കുകയുണ്ടായി. അതിനാൽ മേല്പറഞ്ഞ ഭേദഗതികൾ പരാമർശം (1) ഉത്തരവിൽ വരുത്തണമെന്ന് ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാത്ത പൂട്ടിക്കിടക്കുന്ന 4 3 4 കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളെയും 1000/- രൂപയോ അതിൽ താഴെയോ ഇ.പി.എഫ്. പെൻഷൻ വാങ്ങുന്നവരെയും ചിസ് കാറ്റഗറിയിൽ ഉൾപ്പെടുത്തുവാനും കൂടാതെ 600/- രൂപയോ അതിൽ താഴെയോ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നവരെ റേഷൻ കാർഡുള്ള അന്ത്യോദയ അന്നയോജന (AAY), മുൻഗണനാ വിഭാഗം കുടുംബങ്ങൾ (PHH) എന്ന വിഭാഗം എന്നാക്കിയും പദ്ധതിയിൽ നേരത്തെ എൻറോൾ ചെയ്യപ്പെട്ട 600/-

രൂപവരെയുള്ള വിഭാഗങ്ങൾക്ക് അംഗങ്ങളുടെ പോളിസി എല്ലാ വർഷവും പുതുക്കി പദ്ധതിയിൽ തുടരാവുന്നതാണെന്നും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (1) ലെ ഉത്തരവ് മേല്പറഞ്ഞ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ.താരാദേവി**

**ജോയിൻറ് സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമവകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ലേബർ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യവകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
പ്രസിഡന്റ്, ചിയാക്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ചിയാക്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**